പോഷകമൂല്യം കൂടുതലുള്ള 30 ഗ്രാം പയറും ചേർത്ത് പാകംചെയ്ത ഭക്ഷണമാണ് ദിനംപ്രതി പ്രൈമറി കുട്ടികൾക്ക് നൽകിവരുന്നത്. ഇപ്രകാരം വിതരണം ചെയ്തശേഷം മിച്ചംവരുന്നതും ഓണം, ക്രിസ്തുമസ്, റംസാൻ എന്നീ വിശേഷാവസരങ്ങളിലും മറ്റ് അവധി ദിവസങ്ങളിലും പരീക്ഷാ ദിവസങ്ങളിലും ഭക്ഷണം നൽകാത്തതിലൂടെ ബാക്കി വരുന്നതുമാണ് മിച്ചമുള്ള അരി. സ്കൂൾ അദ്ധ്യയനവർഷം 10 മാസത്തേക്ക് ഇന്ത്യാ ഗവൺമെന്റ് നൽകുന്ന അരി ശരാശരി 200 അദ്ധ്യയന ദിവസങ്ങളിലെ ഉപയോഗത്തിനുള്ളതാണ്.

(ഇ) 1997-98 അദ്ധ്യയനവർഷം 35665.500 മെട്രിക് ടൺ അരിയും 1998-99 അദ്ധ്യയന വർഷം 30327.819 മെട്രിക് ടൺ അരിയും 1999-2000 അദ്ധ്യയനവർഷം 17682.00 മെട്രിക് ടൺ അരിയും ഇന്ത്യാ ഗവൺമെന്റ് ഉച്ചഭക്ഷണ പരിപാടിക്കായി സംസ്ഥാനത്ത് അനുവദിച്ച അരിയിൽനിന്നും സൗജന്യ വിതരണത്തിനായി ഉപയോഗിച്ചിട്ടുണ്ട്.

(എഫ്)&(ജി) 1997-98 അദ്ധ്യയന വർഷം 2007.084 മെട്രിക് ടൺ അരിയും 1998-99 അദ്ധ്യയനവർഷം 233.159 മെട്രിക് ടൺ അരിയും ഫുഡ് കോർപ്പറേഷനിൽ നിന്നും ഏറ്റെടുത്തിട്ടില്ല. കൂടാതെ 9/98-ലെ വിഹിതമായ 4802.288 മെട്രിക് ടൺ അരി ഇന്ത്യാ ഗവ. സംസ്ഥാനത്തിന് നൽകിയിട്ടില്ല. ഫുഡ് കോർപ്പറേഷനിലെ തൊഴിലാളി സമരം മൂലമാണ് സിവിൽ സപ്ലൈസ് കോർപ്പറേഷന് ടി അളവ് അരി എടുക്കുവാൻ കഴിയാതിരുന്നത്.

33 (474) ഹയർ സെക്കന്ററി അധ്യാപകരുടെ യോഗ്യത

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1990 മുതൽ 1999 വരെ സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്ഥാപനങ്ങളിൽ നിയമിതരായ അദ്ധ്യാപകർ സർക്കാർ യോഗ്യതാ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരാണോ;

(ബി) ഹയർ സെക്കന്ററി അദ്ധ്യാപകരുടെ യോഗ്യതയെ സംബന്ധിച്ച് ഉത്തരവ് എന്തായിരുന്നു; ഇവരുടെ യോഗ്യതകൾ എന്തൊക്കെയാണ്?

ഉത്തരം

(എ) 1990 മുതൽ 99 വരെ നിലവിലുണ്ടായിരുന്ന യോഗ്യതകളുടെ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരാണ്. 96 മുതൽ 99 വരെയുള്ള നിയമനങ്ങൾ താൽക്കാലികമാണ്.

(ബി) ജി.ഒ.(എം.എസ്.) 110/99/പൊ.വി. തീയതി 3.5.98 ജി.ഒ. (എം.എസ്.) 341/99/പൊ.വി. തീയതി 30.12.98 എന്നിവയാണ് യോഗ്യത സംബന്ധിച്ച ഉത്തരവുകൾ. രണ്ടാം ക്ലാസ്സ് ബിരുദാനന്തര ബിരുദവും, ബി.എഡുമാണ് ഹയർ സെക്കന്ററി അദ്ധ്യാപകർക്കു വേണ്ട അവശ്യം യോഗ്യത. 96 നുശേഷം സർവ്വീസിൽ പ്രവേശിച്ചവർ ഗവൺമെന്റ് നടത്തുന്ന യോഗ്യതാ പരീക്ഷകൂടി പാസ്സാകേണ്ടതുണ്ട്.

34 (475) ഹയർ സെക്കന്ററി അധ്യാപകരുടെ നിയമനം

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ. മുഹമ്മദാലി :

LIBRARY ARCHIVES Kerala Legislative Assembly